മുദ്രാസ്യ സ്റ്റോറേറിലേക്കോ ഔസ്യൂറിലേക്കോ അരി കടത്തുപോകുന്നില്ലെന്നുള്ളതിനെസംബന്ധിച്ച് ഗവൺമെൻറിന് ഉറപ്പു ലഭിച്ചിട്ടുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ഓവർ ലെവി എടുക്കുന്നത് ഗവൺമെൻറിന്റെ നയത്തിൽപ്പെടുമോ?

ശ്രീ. കെ. ടി. ജേക്കബ്: എത്ര ഓവർ ലെവി കിട്ടിയാലും അതു വാങ്ങിക്കും.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ചെക്പോസ്റ്റുകളും പിന്നെയും എടുക്കാവുന്ന ഒരു ഗവൺമെൻറിനു എങ്ങനെ ഓവർ ലെവി എടുക്കാൻ കഴിയും?

ശ്രീ. കെ. ടി. ജേക്കബ്: ഓവർ ലെവി എടുക്കുക എന്നു പറഞ്ഞാൽ കൃഷിക്കാർ അതു തരിക, അതനുസരിച്ച് ആവശ്യമായ നടപടികളെടുക്കുക എന്നുള്ളതാണ്. ചെക്പോസ്റ്റുകളും ഇരിക്കുന്നതും ഇരിക്കാതിരിക്കുന്നതും ഓവർ ലെവിയുമായി വലിയ ബന്ധമുണ്ടെന്നു ഞങ്ങൾ കരുതുന്നില്ല.

ശ്രീ. കെ. എം. മാണി: വിലവർദ്ധനവ് ചെക്പോസ്റ്റുകളും എടുത്തുകളഞ്ഞതിന്റെശേഷം വീണ്ടും പുനസ്ഥാപിക്കുവാൻ ഗവൺമെൻറു കൈക്കൊണ്ട തീരുമാനത്തിന്റെ ഫലമായിട്ടുള്ളതല്ലേ?

ശ്രീ. കെ. ടി. ജേക്കബ്: എന്നു പറയാൻ നിവൃത്തിയില്ല. ആദ്യം പറഞ്ഞ പിരീഡിലുള്ള വില വർദ്ധനവിനെപ്പറ്റിയാണ് പറഞ്ഞിട്ടുള്ളത്. രണ്ടാമത് ഏർപ്പെടുത്തിയശേഷം ഉള്ള വിലനിലവാരത്തെസംബന്ധിച്ച വിവരം ലഭിച്ചിട്ടില്ല.

മിച്ചഭൂമി കൈയേറ്റം

* 5. [5] ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യവ്യക്തികളിൽ നിന്നും, ഗവൺമെൻറിൽനിന്നും മിച്ചഭൂമി കൈയേറി പിടിച്ചെടുത്തു വിതരണം ചെയ്യുവാൻ മാർക്സിസ്റ്റു പാർട്ടിയുടെ ആലപ്പുഴ കർഷക സമ്മേളനം തീരുമാനമെടുത്തതും, ഇതു സംബന്ധമായ ശ്രീ. എ. കെ. ഗോപാലന്റെ പ്രസ്താവനയും ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൽ ഗവൺമെൻറ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഉണ്ട്.

(ബി) ഭൂപരിഷ്കരണഭേദഗതിബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്ന നടപടിക്രമങ്ങൾ അനുസരിക്കാതെ ഏകപക്ഷീയമായി അവകാശം സ്ഥാപിക്കുവാൻ നടത്തുന്ന ശ്രമങ്ങളെ തടയുന്നതിനും ക്രമസമാധാനം പാലിക്കുന്നതിനും നിർദ്ദേശം ജില്ലാകളക്ടർമാർക്കും പോലീസ് ഐ.ജി.ക്കും നൽകിയിട്ടുണ്ട്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തീരുമാനമനുസരിച്ച് ഇതുവരെയായി എത്ര ഏക്കർ ഗവൺമെൻറു

LIBRARY ARCHIVES Kerala Legislative Assembly

ഭൂമി പിടിച്ചെടുത്തിട്ടുണ്ട്, എത്രയേക്കർ സ്വകാര്യഭൂമി പിടിച്ചെടുത്തിട്ടുണ്ട്, പിടിച്ചെടുത്ത ഭൂമിയിൽ എത്ര വിതരണം ചെയ്തിട്ടുണ്ട്, വിതരണം ചെയ്തിട്ടുണ്ടെങ്കിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിക്കാർ അല്ലാത്തവർക്കും വിതരണം ചെയ്തിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഇത്രയും വിശദാംശങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോഴും മറുപടി പറയാൻ സാധ്യമല്ല. പല സ്ഥലങ്ങളിലും ഭൂമി ഏകപക്ഷീയമായി സ്വന്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അങ്ങനെ പരാതികിട്ടിയിട്ടുള്ള സ്ഥലങ്ങളിലെല്ലാം പോലീസ് അതു നീക്കം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: ഹോസ്ദുർഗ് താലൂക്കിലെ വെള്ളൂർ പഞ്ചായത്തിൽ ശ്രീ. എ. കെ. ഗോപാലന്റെ കാശുമുടക്കി ഉണ്ടാക്കിയ തോട്ടത്തിൽനിന്ന് മിച്ചഭൂമി പിടിച്ചെടുക്കാൻ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി വല്ല പരിപാടികളും ആസൂത്രണം ചെയ്തിട്ടുള്ളതായി അറിയാമോ?

ശ്രീ. സി. അച്യുതമേനോൻ: നോട്ടീസ് കിട്ടാതെ മറുപടി പറയാൻ സാധ്യമല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഏകപക്ഷീയമായി എടുക്കുന്ന നടപടികൾക്കെതിരായി നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. അങ്ങയുടെതന്നെ പാർട്ടിയായ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ് ശ്രീ. രാജേശ്വരറാവു കേരളം അടക്കമുള്ള സംസ്ഥാനങ്ങളിൽ നിന്നും മിച്ച ഭൂമി പിടിച്ചെടുത്ത് മൂന്നു ലക്ഷത്തോളം ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നു പ്രസ്താവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഏകപക്ഷീയമാണോ; ഇത്തരം ഏകപക്ഷീയമായ തീരുമാനത്തിനെതിരായി ഏതെങ്കിലും ഗവൺമെൻറുകൾ നടപടിയെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ നടപടികൾക്കെതിരായി അങ്ങയുടെ പാർട്ടി എന്തുനടപടിയെടുത്തുവെന്നു പറയാമോ?

ശ്രീ. സി. അച്യുതമേനോൻ: രാജേശ്വരറാവു പറഞ്ഞിട്ടുള്ള കാര്യങ്ങൾ കേരളത്തെ സംബന്ധിച്ചാണെന്ന് എനിക്ക് തോന്നുന്നില്ല. കേരളത്തിലെ ഗവൺമെൻറു സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്നും അവലംബിക്കുന്ന നിലപാടിനെ സംബന്ധിച്ചുമാണ് ഞാൻ ഇവിടെ വിശദീകരിച്ചത്. അതിനെ രാജേശ്വരറാവുവിന്റെ പ്രസ്താവന ഒരുതരത്തിലും ബാധിക്കുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അദ്ദേഹത്തിന്റെ പ്രസ്താവന ടൈംസ് ഓഫ് ഇൻഡ്യയിൽ വന്നതിൽ കേരളം അടക്കമുള്ള സംസ്ഥാനങ്ങളിൽ എന്നു പറഞ്ഞിരുന്നു. അങ്ങനെ ഏകപക്ഷീയമായി എടുക്കുന്ന തീരുമാനം ശരിയല്ലെന്നാണോ അങ്ങയുടെ അഭിപ്രായം?

ശ്രീ. സി. അച്യുതമേനോൻ: എന്റെ അഭിപ്രായമല്ല ഞാൻ പറയുന്നത്. ഈ ഗവൺമെൻറു സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. ഇവിടെ ഒരു നിയമം പാസ്സായിട്ടുണ്ട്. അതു നടപ്പാക്കുക എന്നുള്ളതാണ് ഗവൺമെൻറിന്റെ ചുമതല. നിയമം അനുശാസിക്കുന്ന നടപടിക്രമം അനുസരിച്ച് നടപടി നടത്തിക്കൊണ്ടു പോകാൻ ശ്രമിക്കും. നിയമത്തെ മറികടന്നുകൊണ്ട് ഭൂമി കൈയടക്കാൻ ഏതു പാർട്ടിക്കാർ ശ്രമിച്ചാലും—ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയായാലും—അതു ന്യായമല്ലെങ്കിൽ ഒഴിപ്പിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചാത്തുണ്ണി മാസ്റ്റർ: പോലീസ് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞല്ലോ. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എത്ര സ്ഥലത്ത് ലാത്തിച്ചാർജുനടന്നു, എത്ര ലോക്കപ്പ് മർദ്ദനങ്ങൾ നടന്നു, എത്ര കള്ളക്കേസുകൾ ചാർജുചെയ്തിട്ടുണ്ട് എന്നെല്ലാമുള്ള കാര്യങ്ങൾ ഒന്നു വ്യക്തമാക്കാമോ?

ശ്രീ. സി. അച്യുതമേനോൻ: ഈ ഗവൺമെന്റ് കള്ളക്കേസുകൾ എടുക്കാനോ, ലാത്തിച്ചാർജ് നടത്താനോ, ലോക്കപ്പ് മർദ്ദനങ്ങൾ നടത്താനോ യാതൊരു നിർദ്ദേശവും കൊടുത്തിട്ടില്ല. അങ്ങനെ ഒരിക്കലും കൊടുക്കുകയുമില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: നിയമപ്രകാരമുള്ള നടപടിനടത്താനാണ് ഉദ്ദേശിക്കുന്നതെന്നു പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ 20 ഏക്കറിൽ കൂടുതൽ കൈവശം വയ്ക്കുന്നത് വാങ്ങിക്കൊടുക്കണമെന്നുള്ള നിയമം ഉണ്ടായിരിക്കെ ഭരണകക്ഷിയിലെ ഒരു കക്ഷിയിൽപ്പെട്ട ഒരു കുഞ്ഞഹമ്മദ് എന്ന ആളിന് അതുണ്ടായിരിക്കുകയും അൻപതിൽപരം ആളുകൾ അവിടെത്തന്നെ വീടുകെട്ടാൻ നിവൃത്തിയില്ലാതെ നടക്കുകയും ഒരു മാസത്തിനകം അതെടുത്തു കൊടുത്തില്ലെങ്കിൽ തങ്ങൾ അതു പിടിച്ചെടുക്കുന്നതിന് പ്രത്യക്ഷ സമരം ചെയ്യും എന്നുള്ള ജനങ്ങളുടെ ആവശ്യം പരിഗണിച്ച് എന്തെങ്കിലും ചെയ്യാൻ ഒരുക്കമുണ്ടോ?

ശ്രീ. ജോസഫ് ചാഴിക്കാടൻ: സർ, ഓരോ വസ്തുവിനെപ്പറ്റിയും ഇങ്ങനെ ചോദിച്ചാൽ രണ്ടുമൂന്നു ദിവസം ചോദിച്ചാലും തീരുകയില്ല.

ശ്രീ. സി. അച്യുതമേനോൻ: പ്രത്യേക കാര്യങ്ങളെപ്പറ്റി ചോദിച്ചാൽ മറുപടി പറയാൻ വിഷമമാണ്. പരിധിയിൽക്കവിഞ്ഞ ഭൂമി ആരിലുമുണ്ടെങ്കിലും അതെടുത്ത് അർഹതയുള്ളവർക്ക് വിതരണം ചെയ്യാനുള്ള നടപടിക്രമം അനുസരിച്ച് നടത്തും. പക്ഷേ ശ്രീ. ഇമ്പിച്ചിബാവകൂടി ഉൾപ്പെട്ട മുൻ ഗവൺമെന്റ് പാസാക്കിയ നിയമത്തിൽ അവർക്ക് കുറച്ച് സാവകാശം കൊടുത്തിട്ടുണ്ട്. അപ്പോൾ നിയമപ്രകാരം അതിനുശേഷം മാത്രമേ എടുക്കാൻ കഴിയൂ. ആ നടപടിക്രമം ഏതായാലും ഗവൺമെന്റ് തുടരും.

ശ്രീ. കെ. എം. മാണി: കാർഷികപരിഷ്കരണ നിയമത്തിലെ എല്ലാ വകുപ്പുകളും പ്രാബല്യത്തിൽ വരികയും പരിധിയിൽ കവിഞ്ഞ ഭൂമി ന്യായമായി വിതരണം ചെയ്യുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്ന സ്ഥിതിക്ക് മാർക്സിസ്റ്റു പാർട്ടിയുടെ മിച്ച ഭൂമി കൈയേറ്റം ലാൻഡ് റിഫോംസ് ആക്ടിന്റെ ഇംപ്ലിമെന്റേഷനു തടസ്സമല്ലേ; ലക്ഷക്കണക്കിനു പാവപ്പെട്ടവരെ ദോഷമായി ബാധിക്കുന്ന മിച്ചഭൂമി കൈയേറ്റത്തെ ധീരമായി നേരിടാൻ ഈ ഗവൺമെന്റ് തയ്യാറാണോ; അടിച്ചമർത്താൻ ഈ ഗവൺമെന്റ് തയ്യാറാണോ?

ശ്രീ. സി. അച്യുതമേനോൻ: ഗവൺമെന്റ് ഇന്നു നടപ്പാക്കിയിട്ടുള്ള നിയമം പരമാവധി എല്ലാ വിഭാഗങ്ങൾക്കും പ്രത്യേകിച്ച് പാവപ്പെട്ടവർക്കും ഗുണം കിട്ടത്തക്കരീതിയിൽ നടപ്പിലാക്കണമെന്നാണ് ആഗ്രഹിക്കുന്നത്. അതിന് പ്രതിപക്ഷം അടക്കമുള്ള എല്ലാ വിഭാഗക്കാരുടെയും ആനുകൂല്യവും സഹകരണവും അഭ്യർത്ഥിക്കുന്നുണ്ട്. അതുചെയ്താൽ കുഴപ്പം കൂടാതെ നടപ്പിലാക്കാൻ കഴിയും. നേരെമറിച്ച് ഏകപക്ഷീയമായ പ്രവർത്തനങ്ങൾ കൊണ്ട് അതിനു കാലവിളംബം നേരിടുക മാത്രമേയുള്ളു. അതിൽ നിന്നു പിൻതിരിയണമെന്നും മാത്രമാണ് എനിക്കഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഈ നിയമം നടപ്പാക്കുമ്പോഴോ നടപ്പാക്കി കഴിഞ്ഞതിനുശേഷമോ മിച്ചഭൂമി കൈവശമുള്ളവർ മിച്ചം കണക്കാക്കി ആ ഭൂമി വിതരണത്തിനുവേണ്ടി ഗവൺമെൻറിലേക്ക് വിട്ടുകൊടുത്തിട്ടുണ്ടോ? പുട്ടരോഗമനപരമായ അത്തരം നടപടികളും സ്വീകരിക്കാൻ തയ്യാറായവരുടെ കൂത്തിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിൽനിന്നും ആരെങ്കിലുമുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെ രണ്ടു കത്തുകളും കിട്ടിയിട്ടുണ്ടു് പി. ബി. കുറുപ്പ് എന്നു പറയുന്ന ഒരാളുടെ പുരയിടത്തിൽ ഏതാണ്ടു് 150 ഓളം കുടിയാൻമാരുണ്ടു്. അവർക്കു ഭൂമി വിട്ടുകൊടുക്കാൻ തയ്യാറാണെന്നു് അദ്ദേഹം ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടു്. അതുപോലെതന്നെ ജോസഫ് എന്നു പറയുന്ന ആളുക്കു് ആയിരത്തിൽപരം ഏക്കർ ഭൂമി കൈവശമുണ്ടു്. പരിധിയിൽ കവിഞ്ഞ ഭൂമി സർക്കാരിലേക്കു് വിട്ടുതരാമെന്നു് അദ്ദേഹവും ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീമാൻ മാണി ചോദ്യം ചോദിച്ചപ്പോൾ മിച്ചഭൂമി വിതരണംചെയ്തു കഴിഞ്ഞിരിക്കുന്നു എന്നു് പറഞ്ഞു് നോട്ടിഫിക്കേഷൻ വന്നു.....

ശ്രീ. കെ. എം. മാണി: തെറ്റു്. അങ്ങനെ പറഞ്ഞില്ല.

ശ്രീമതി കെ. ആർ. ഗൗരി: മിച്ചഭൂമി വിതരണം ഈ ഗവൺമെൻറു തുടങ്ങിയിരിക്കുന്നു എന്നാണു് പറയുന്നതു്. നോട്ടിഫിക്കേഷൻ വന്നു് മൂന്നു മാസം കഴിഞ്ഞിട്ടു് മിച്ചഭൂമിയുള്ളവർ അതു സറണ്ടർചെയ്യണമെന്നു് വ്യവസ്ഥചെയ്തിരിക്കേ അതിനുമുമ്പേ അതു വിതരണംചെയ്തു എന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. സി. അച്യുതമേനോൻ: മിച്ചഭൂമി വിതരണംചെയ്തുവെന്നു് ഞാൻ പറഞ്ഞില്ല.

ശ്രീ. ഇ. എം. ജോർജ്ജു്: രാജേശ്വരറാവുവിൻെറ പാർട്ടി മൂന്നുലക്ഷം ഏക്കർഭൂമി ഇൻഡ്യയുടെ വീവിധഭാഗങ്ങളിൽനിന്നും പിടിച്ചെടുത്തു എന്നു പറയുന്നതു് ഈ സംസ്ഥാനം ഒഴിച്ചു മറ്റുസംസ്ഥാനങ്ങളിലാണെന്നാണു് മുഖ്യമന്ത്രിയുടെ വിശദീകരണത്തിൻെറ അടിസ്ഥാനത്തിൽ മനസ്സിലാകുന്നതു്. അങ്ങനെ മൂന്നുലക്ഷം ഏക്കർ ഭൂമി പിടിച്ചെടുത്ത വിവിധ സംസ്ഥാനങ്ങളിലെ ഗവൺമെൻറുകളും ആ ഭൂമികളും ഒഴിപ്പിച്ചെടുക്കാൻ നടപടികളും സ്വീകരിക്കാതിരിക്കേ കേരളത്തിലെ മിച്ചഭൂമി പിടിച്ചെടുക്കുന്നതിനെ പോലീസിനെ ഉപയോഗിച്ചു് തടയാൻ ശ്രമിക്കുന്നതു് ജൻമി പക്ഷപാതിയായ ഗവൺമെൻറായതുകൊണ്ടാണെന്നാണോ ഞങ്ങളും മനസ്സിലാക്കേണ്ടതു്?

(മറുപടി ഇല്ല.)

ശ്രീ. ഇ. എം. ജോർജ്ജു്: ഇതിനു് മറുപടി പറയാത്തതെന്തു്; കാൺഗ്രസ്സു് ഭരണം നിലവിലിരിക്കുന്നസ്ഥലങ്ങളിൽ രാജേശ്വരറാവുവിൻെറ പാർട്ടി ഭൂമി പിടിച്ചെടുക്കുകയാണു്.

മി. സ്പീക്കർ: അതു് ഒരു അഭിപ്രായമാണു്.

ശ്രീ. സി. അച്യുതമേനോൻ: രാഷ്ട്രീയവാദപ്രതിവാദം നടത്താനുള്ള ഒരു സ്ഥലമാണു് ഇതെന്നു് എനിക്കു തോന്നുന്നില്ല. ഗവൺമെൻറിൻെറ

LIBRARY ARCHIVES Kerala Legislative Assembly

നയം വിശദീകരിക്കാനാണ് ഞാൻ വിചാരിക്കുന്നതു്. മറ്റു സംസ്ഥാനങ്ങളിൽ നിയമം പാസ്സാക്കാത്ത അവസരത്തിൽ പലതരത്തിലുള്ള പ്രകടനങ്ങളും നടക്കും. അതുകൊണ്ടു് ഗവൺമെൻറിന്റെ നിലയ്ക്കു് ഒരു അഭിപ്രായം പറയുന്നതു ശരിയല്ല.

ശ്രീ. എം. കെ. ദിവാകരൻ: മിച്ചഭൂമി കൈയ്യേറുന്നതുമൂലം പാവപ്പെട്ട ആളുകൾക്ക് ഭൂമികിട്ടാതെവരുമെന്നുള്ളവിവരം അറിയാമോ; അതുകൊണ്ടു് നിയമാനുസൃതമായി മിച്ചഭൂമി വിതരണംചെയ്യുന്നതിനു് ഏറ്റവും വേഗം നടപടി സ്വീകരിക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: അതിനു ഞാൻ നേരത്തെ ഉത്തരം പറഞ്ഞു കഴിഞ്ഞു.

ശ്രീ. ഇ. എം. ജോർജ്ജു്: ഈ നിയമത്തെ എതിർക്കാൻ നടപടി സ്വീകരിച്ചുവരുന്ന ജൻമിമാർക്കെതിരായി, തോട്ടമുടമകൾക്കെതിരായി ഈ ഗവൺമെൻറ പോലീസിനെ അയച്ചിട്ടുണ്ടോ; പുതുതായി റബ്ബർ വയ്ക്കാൻ കുഴികുത്തുന്ന ജൻമിമാർക്കെതിരായി, തോട്ടമുടമകൾക്കെതിരായി, മിച്ചഭൂമി പിടിച്ചെടുക്കാൻ പോലീസിനെ അയയ്ക്കുന്ന ഈ ഗവൺമെൻറ് എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: മിച്ചഭൂമിയില്ലാതാക്കാൻവേണ്ടി ശ്രമിക്കുന്ന ഭൂ ഉടമസ്ഥൻമാരുടെ പേരിൽ നിശ്ചയമായും നടപടി നടത്തും.

ശ്രീ. ഇ. എം. ജോർജ്ജു്: എന്തു നടപടി നടത്തി?

മി. സ്പീക്കർ: ഉത്തരം പറഞ്ഞുകഴിഞ്ഞിട്ടു പിന്നെ ചോദിച്ചാൽ പോരെ?

ശ്രീ. സി. അച്യുതമേനോൻ: വേലി വളച്ചുകെട്ടിയതുകൊണ്ടുമാത്രം അവകാശം സിദ്ധിക്കയില്ല. അതുപോലെ കുഴികുഴിച്ചതുകൊണ്ടുമാത്രം അവകാശം സിദ്ധിക്കുന്നില്ല.

ശ്രീ. കെ. ടി. ജോർജ്ജു്: മാർക്സിസ്റ്റുപാർട്ടി മിച്ചഭൂമി പിടിച്ചെടുത്തതിന്റെ ഫലമായി മിച്ചഭൂമിയില്ലാത്ത ചെറുകിട ഭൂ ഉടമകളുടെ ഭൂമിയിൽ പോലും കൈയ്യേറ്റം നടക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയുള്ളവരുടെ ഭൂമിയിൽ കൈയ്യേറിയവരെ ഒഴിപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: ചെറുകിട ഭൂ ഉടമസ്ഥൻമാരുടെ ഭൂമിയിലും കൈയ്യേറ്റമുണ്ടായിട്ടുണ്ടെങ്കിൽ അതും തീർച്ചയായിട്ടും ഒഴിപ്പിക്കാൻ നടപടിയെടുക്കും.

(സഭയിൽ ബഹളം).

ശ്രീ. ഇ. എം. ജോർജ്ജു്: സർ,.....

മി. സ്പീക്കർ: സമയംതരാം. ശ്രീ. ജോർജ്ജിനുമാത്രമായിട്ട് മുഴുവൻ സമയം കൊടുക്കുന്നതു ശരിയാണോ; രാമകൃഷ്ണൻ എത്രയോ സമയമായി എഴുന്നേറ്റു നിൽക്കുന്നു. അങ്ങനെ എത്രയോ ആളുകൾ എഴുന്നേറ്റു നിൽക്കുന്നു. മൂന്നു നാലു ചോദ്യം ചോദിക്കാനുള്ള അവസരം ബഹുമാനപ്പെട്ട മെമ്പർക്കു തന്നുകഴിഞ്ഞു. ഒരു ചോദ്യം പോലും ചോദിക്കാത്ത വളരെ അംഗങ്ങൾ എഴുന്നേറ്റു നിൽക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. ചെറുകോയാ തങ്ങൾ: പൊന്നാനി, ആനവീട് കുഞ്ഞഹമ്മദിനുള്ള ഭൂമി പിടിച്ചെടുക്കുമെന്ന് ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. അദ്ദേഹത്തിന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രീതിയിലുള്ള ഭൂമിയില്ല. ഉണ്ടെങ്കിൽത്തന്നെ ഈ ഗവൺമെൻറു പാസാക്കിയ നിയമമനുസരിച്ചു വിട്ടുകൊടുക്കാൻ തയ്യാറുമാണ്. പക്ഷെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുകാർ നിയമം ലംഘിക്കുകയാണെങ്കിൽ അതിനെതിരായി നടപടിയെടുക്കാൻ തയ്യാറാകുമോ?

ശ്രീ. സി. അച്യുതമേനോൻ: ഈ വ്യക്തിക്ക് എത്ര ഭൂമിയുണ്ടെന്നോ എനിക്ക് അറിഞ്ഞുകൂടാ. അദ്ദേഹത്തിനു മിച്ചഭൂമിയുണ്ടെങ്കിൽ അതു ഗവൺമെൻറിലേക്ക് സറണ്ടർ ചെയ്യണം. അതു ന്യായമായ വിധത്തിൽ വിതരണംചെയ്യാൻ ഗവൺമെൻറ് ഏർപ്പാടുചെയ്യാം. അതല്ലാതെ മറ്റു വിധത്തിൽ അക്രമം പ്രവർത്തിക്കാൻ ആരെങ്കിലും വന്നാൽ അതിനെ തടയും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മാർക്സിസ്റ്റു പാർട്ടിയിൽപ്പെട്ട ആരെങ്കിലും ഭൂമി സറണ്ടർ ചെയ്തോ എന്നു കേട്ടു. അങ്ങനെ മാർക്സിസ്റ്റുകാർക്ക് ആർക്കെങ്കിലും ഭൂമിയുണ്ടെങ്കിൽ അത് ഏകപക്ഷീയമായി കൊടുക്കാൻ തയ്യാറാണ്. ഏതായാലും ലോക്കപ്പു മർദ്ദനങ്ങളുണ്ടാക്കാൻ വേണ്ടി നിയമം ഉണ്ടായിട്ടില്ല. നിയമം ഉണ്ടായാലും ഇല്ലെങ്കിലും ലാത്തിച്ചാർജുകളും ലോക്കപ്പു മർദ്ദനങ്ങളും വളരെയധികം നടക്കുന്നുണ്ടെന്നുള്ള വിവരം ഞങ്ങൾ അറിയിച്ചാൽ അതിനെപ്പറ്റി അന്വേഷിക്കാനും നിർദ്ദേശമില്ലാതെ ഇത്തരം നടപടികളെടുത്ത ഉദ്യോഗസ്ഥൻമാർക്കെതിരായി നടപടിയെടുക്കാനും വേണ്ട ഏർപ്പാടുചെയ്യുമോ?

ശ്രീ. ജോസഫ് ചാഴിക്കാടൻ: 45 മിനിട്ടുകഴിഞ്ഞു രണ്ടാമത്തെ പ്രാവശ്യമാണ് ഇത്.

ശ്രീ. സി. അച്യുതമേനോൻ: പൊതുവേ പറഞ്ഞതുകൊണ്ട് പ്രയോജനമില്ല. ഏതെങ്കിലും പ്രത്യേക കേസിനെസംബന്ധിച്ച് പരാതികിട്ടിയിട്ടുണ്ടെങ്കിൽ അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ അടിസ്ഥാനമുണ്ടെന്നു കണ്ടിട്ടുള്ളതിൽ നടപടിയെടുത്തിട്ടുമുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: രേഖാമൂലം ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിക്ക് എഴുതിയിട്ടുണ്ട്. മുമ്പ് എഴുതിയാൽ കിട്ടുമായിരുന്ന മറുപടി പോലും ഇപ്പോൾ കിട്ടിയില്ല. യാതൊരു നടപടിയും ഉണ്ടായിട്ടില്ല. രേഖാമൂലം തന്നെ പ്രത്യേക കേസുകൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനെപ്പറ്റി അന്വേഷിക്കാൻ തയ്യാറാകുമോ?

ശ്രീ. സി. അച്യുതമേനോൻ: ഇതുവരെ എന്റെ കൈവശം കിട്ടിയിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്താൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, ...

മി. സ്പീക്കർ: മിസ്റ്റർ വാര്യർക്ക് സമയംതരാം. അപ്പോൾ സംസാരിച്ചാൽ പോരെ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ബഹുമാനപ്പെട്ട ഒരു മെമ്പർ പറഞ്ഞതുപോലെ മിച്ചഭൂമി ഏകപക്ഷീയമായി സ്വന്തമാളുകൾക്ക് വിതരണം ചെയ്താൽ നിയമത്തിൽ അനുശാസിക്കുന്നനിലയിൽ 25 ശതമാനം കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്കു വിതരണംനടത്താൻ കഴിയാതെവരുമെന്നുള്ളതുകൊണ്ട് മിച്ച ഭൂമിമുഴുവൻ സർക്കാർ ഏറെറടുത്തു നിയമത്തിൽ അനുശാസിക്കുന്നതുപോലെ കർഷകത്തൊഴിലാളികൾക്കുകൂടി കിട്ടത്തക്കവണ്ണം വിതരണംചെയ്യാൻ ആവശ്യ മായനടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: അതാണ് നിയമത്തിൽ അനുശാസിക്കു ന്നത്, അതാണ് ഗവൺമെൻറ് ചെയ്യാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: മിച്ചഭൂമി ഇത്രയുണ്ടെന്നു ഗവൺ മെൻറിലേക്ക് റിപ്പോർട്ടുചെയ്യാനും ഭൂമി കിട്ടേണ്ട ആളുകൾക്ക് ഭൂമി കിട്ടുന്ന തിനുവേണ്ടി രജിസ്ട്രേഷൻ ചെയ്യാനും ആവശ്യമായ രേഖകളും ഫോറങ്ങളും സർക്കാർ അച്ചടിച്ച് സൗജന്യമായി വിതരണംചെയ്യുന്നുണ്ടോ. ഞാൻ ഇതു പറയാൻ കാരണം അപ്പുറത്തിരിക്കുന്ന ഒരു പാർട്ടി ഇതിന മൂന്നര രൂപാ വച്ച് പിരിക്കുന്നു ...

(ബഹളം)

മി. സ്പീക്കർ: ഇവിടെ ഇപ്പോൾ ബഹുമാനപ്പെട്ട ഹാജി അപ്പുറത്തിരി ക്കുന്ന ഒരു പാർട്ടിയെന്നുപറഞ്ഞു അപ്പോൾ ഏതു പാർട്ടിയാണെന്നുദ്ദേശിച്ചാണ് ഈ ബഹളം കൂട്ടുന്നത്. ഏതായിരുന്നാലും അങ്ങനെ പറയരുതായിരുന്നു. അങ്ങനെ പറഞ്ഞതു തെറ്റാണ്. ഭരണകക്ഷിയായാലും പ്രതിപക്ഷ മായാലും ഒരു പാർട്ടിയെപ്പറ്റി ഇങ്ങനെ പറയുന്നതു തെറ്റാണ്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ആക്ഷേപമൊന്നും പറഞ്ഞില്ല. പിരി വെടുക്കുന്നു എന്നാണ് പറയുന്നത്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, മൂന്നര ഉറുപ്പിക വച്ച് പിരിവ് എടുക്കുന്നു എന്നേ ഞാൻ പറഞ്ഞുള്ളൂ. സർക്കാരിനുതന്നെ വിവരം കിട്ടിയിട്ടുണ്ടെന്നാണ് ഞാൻ മനസിലാക്കുന്നത്. അതുകൊണ്ട് ഫ്രീയായിട്ട് ഫോറങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്നുപറഞ്ഞ് ഒരു പ്രസ്താവന ഇറക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്): അപേക്ഷിക്കുന്നതിനുള്ള ഫോറങ്ങൾ അച്ചടിച്ച് എത്രയുംവേഗം ആളുകൾക്ക് ലഭിക്കത്തക്കവണ്ണം വിത രണംചെയ്യാൻ 1-ാം തീയതി മുതൽതന്നെ ഗവൺമെൻറ് ഏർപ്പാടു ചെയ്തി ട്ടുണ്ട്. കുടികിടപ്പവകാശത്തിനുവേണ്ടുന്ന ഫോറങ്ങളാണെങ്കിൽ ഏതാണ്ട് രണ്ടോ മൂന്നോ ലക്ഷംവരെ കോപ്പികൾ അടിച്ച് ഫ്രീയായിട്ട് വാനുകളിൽ ഡിസ്ട്രിക്ടു കളക്ടറേറുകളിൽ അന്നു രാത്രിയും പിറേ ദിവസവും എത്തിച്ചുകൊടുത്തിട്ടുണ്ട്. കൂടാതെ 8 ദിനപ്പത്രങ്ങളിൽ സർക്കാർ അച്ചടിക്കൂലി കൊടുത്തു പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. അങ്ങനെ 1-ാം തീയതിമുതൽ തന്നെ ഫോറങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഗവൺമെൻറ് ചെയ്തി രുന്നു. അതുകൊണ്ട് മൂന്നരയോ നാലോ രൂപയ്ക്ക് ആളുകൾ ഫോറ ങ്ങൾ വാങ്ങിക്കേണ്ടയാവശ്യമില്ല.

ശ്രീ. സി. ബി ചന്ദ്രശേഖരവാര്യർ: ഹരിപ്പാട് കനകക്കുന്നുപോലീസ് ഔട്ട്പോസ്റ്റിലും തുടർന്ന് ലോക്കപ്പിലും വച്ച് പി. ആർ. വാസു തുട ങ്ങിയ സഖാക്കളുടെ മേൽ പോലീസ് അതിനീചമായ മർദ്ദനം നടത്തിയതിനെ ത്തുടർന്ന് ആഭ്യന്തരമന്ത്രിക്കും മുഖ്യമന്ത്രിക്കും.....

(സഭയിൽ ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഇത് മിച്ചഭൂമിയെസംബന്ധിച്ചുള്ള കാര്യമാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: മന്ത്രിയുടെ മറുപടിയിൽ ലോക്കപ്പ് മർദ്ദനങ്ങളെസംബന്ധിച്ച് പരാതി കിട്ടിയിട്ടുള്ള കേസുകളിൽ അന്വേഷണം നടത്തിയിട്ടുണ്ടെന്നു പറഞ്ഞു. അതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്. ഹരിപ്പാട് ലോക്കപ്പിൽവച്ച് നടന്ന മർദ്ദനത്തെക്കുറിച്ചന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ നേരിട്ടു ആഭ്യന്തരമന്ത്രിക്കും മുഖ്യമന്ത്രിക്കും മെമ്മോറാണ്ടങ്ങൾ കൊടുക്കുകയും മുഖ്യമന്ത്രിക്ക് കത്തെഴുതുകയുംചെയ്തിട്ടും അതിന് യാതൊരു മറുപടിയും തരാതിരിക്കുകയല്ലേ ചെയ്തത്?

വിദ്യാഭ്യാസവും ആഭ്യന്തരവും(മന്ത്രി) (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): ഇന്ന് ആഭ്യന്തരകാര്യമന്ത്രി ഉത്തരംപറയുന്ന ദിവസമല്ല. പിന്നെ മുഖ്യമന്ത്രി കാഷ്വലായിട്ട് ഉത്തരംപറഞ്ഞു എന്നെയുള്ളു. പ്രധാന ചോദ്യത്തിൽ നിന്നു മാറി വേറെ ചോദ്യങ്ങൾ ചോദിക്കുമ്പോൾ അതിന്റെ ഉത്തരംപറയാൻ ഞങ്ങൾ അതിനെസംബന്ധിച്ച രേഖകളോ റിക്കാർഡുകളോ കൊണ്ടുവരികയില്ല. ചോദ്യോത്തരസമയത്ത് ഇങ്ങനെയുള്ള ചോദ്യങ്ങൾ ചോദിക്കുന്ന നിലവന്നാൽ ഞങ്ങൾ കുഴങ്ങിപ്പോകും. ബഹുമാനപ്പെട്ട വാര്യർ നിയമജ്ഞനാണ്, ബുദ്ധിമാനാണ്. അതുകൊണ്ട് ഇവിടെ ചോദിച്ചചോദ്യത്തിനെപ്പറ്റി ചോദിച്ചാൽ ഉത്തരംപറയാം.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഭൂമികൈയേറ്റത്തെപ്പറ്റിയുള്ള കാര്യത്തെസംബന്ധിച്ചുള്ള ചോദ്യം വന്നപ്പോൾ ഭൂമി കൈയേറ്റത്തിന്റെ പേരിൽ ലോക്കപ്പുമർദ്ദനങ്ങളും ലാത്തിച്ചാർജുകളും ഒക്കെ നടക്കുന്നതിനെപ്പറ്റിയാണ് ബഹുമാനപ്പെട്ട വാര്യർ ചോദിച്ചത്. അങ്ങനെയൊന്നും നടക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിപറയുകയുംചെയ്തു. അതുവച്ചുകൊണ്ട് ഇന്നയിന്ന സ്ഥലങ്ങളിൽ ലോക്കപ്പ് മർദ്ദനങ്ങൾ ഉണ്ടായി എന്നു ചോദിക്കാൻ തുടങ്ങിയാൽ അതിന് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ഉത്തരം പറയേണ്ടതായിവരും. അങ്ങനെയാണെങ്കിൽ അതിനെസംബന്ധിച്ച് വേറെ ഒരു ചോദ്യം ചോദിച്ചാൽ അതിന് ആഭ്യന്തരമന്ത്രിയെക്കൊണ്ട് ഉത്തരം പറയിക്കാം. അല്ലാതെ ഈ സന്ദർഭത്തിൽ ചോദിച്ചാൽ അതിന് മറുപടി പറയാൻ ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് ഞാൻ ഈ ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യംതന്നെ പറഞ്ഞ മറുപടിയിൽ നിയമവിരുദ്ധമായി ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനെതിരായി നടപടികളെടുക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. അങ്ങനെ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നുള്ള മറുപടിയിൽ നിന്നും സ്വാഭാവികമായി ഉൽഭവിച്ച ചോദ്യമാണിത്. ഇവിടെ ഞാൻ ചോദ്യം ചോദിച്ചശേഷം ബഹുമാനപ്പെട്ട വാര്യർ ചോദിക്കാൻ തുടങ്ങിയപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ വാര്യർക്ക് പിന്നീടു സമയം കൊടുക്കാമെന്നു പറഞ്ഞു. അതിനുശേഷം മറ്റുപല ചോദ്യങ്ങൾക്കും മറുപടി പറഞ്ഞശേഷം ഈ ചോദ്യം അപ്രസക്തമാണെന്നുപറയുന്നതിൽ ഖേദമുണ്ട്. തീർച്ചയായും ഇതിൽനിന്നും ഉൽഭവിച്ച ചോദ്യമാണിത്. ഇത് ഒരു നയത്തിന്റെ പ്രശ്നമാണ്.....

ശ്രീ. വി. കുട്ടിക്കൃഷ്ണൻ നായർ: സർ, ഇതു ചോദ്യമാണോ പ്രസംഗമാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ബഹുമാനപ്പെട്ട രാമകൃഷ്ണൻ പറഞ്ഞു ഇത് സ്വാഭാവികമായി ഉൽഭവിക്കുന്നതാണെന്ന്. എല്ലാം ഇങ്ങനെ സ്വാഭാവികമായി ഉൽഭവിക്കുമെന്നുപറഞ്ഞാൽ എവിടെ എത്തുമെന്നറിഞ്ഞുകൂടാ. ഭൂമി കൈയേറ്റത്തിൽ ആരംഭിച്ച് പോലീസ് മർദ്ദനത്തിൽ എത്തി. ഇങ്ങനെ സൂര്യനുകീഴിലുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും ഒരു ദിവസം മന്ത്രി ഉത്തരം പറയണമെന്നുവന്നാൽ അതിനു സൗകര്യമുണ്ടാകുമെന്നു തോന്നുന്നില്ല. ഇത് പോലീസ് മർദ്ദനത്തെപ്പറ്റിയുള്ള ചോദ്യമല്ല.

ശ്രീ. കെ. ഐ. രാജൻ: സർ, ഒരു ചോദ്യം.....

ശ്രീ. എ. വി. ആര്യൻ: സർ, ഒരു ചോദ്യം.....

ശ്രീമതി കെ. ആർ. ഗൗരി: കാർഷിക പരിഷ്ക്കരണ നിയമം നടപ്പിൽ വന്നതിനുശേഷം.....

ശ്രീ. എ. വി. കുഞ്ഞമ്പു: സർ, ഒരു ചോദ്യം.....

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ ചോദ്യം ചോദിക്കുകയാണ്. കാർഷിക പരിഷ്ക്കരണ നിയമം നടപ്പിൽവന്നതിനുശേഷം കുടുകിടപ്പവകാശം കിട്ടേണ്ടതായിട്ടുള്ള ആളുകളുടെ കുടികിടപ്പ് നശിപ്പിക്കുകയാണെങ്കിൽ അന്നു നിലവിലിരുന്ന കുടികിടപ്പു നിരോധനനിയമപ്രകാരം 7D പ്രകാരം നടപടിയെടുക്കേണ്ട ആളുകളിൽ കുടികിടപ്പുകത്തിച്ച എത്രപേരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ട്?

ശ്രീ. സി. അച്യുതമേനോൻ: നോട്ടീസ് വേണം.

മി. സ്പീക്കർ: 40 മിനിട്ടോളം ഈ ചോദ്യത്തിന് എടുത്തകഴിഞ്ഞു.

ശ്രീ. എ. വി. കുഞ്ഞമ്പു: സർ, ഞാൻ 16-ാമത്തെ തവണയാണ് ചോദ്യം ചോദിക്കാൻ എഴുന്നേൽക്കുന്നത്.

മി. സ്പീക്കർ: അതു ശരിയാണ്.

സംസ്ഥാന പ്ലാനിംഗ് ബോർഡ്

*6. [6] ശ്രീ. സി. കെ. രാജൻ:
ശ്രീ. സി. കണ്ണൻ:
ശ്രീ. പി. എസ്സ്. നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെൻറ് രൂപീകരിച്ചിരുന്ന സംസ്ഥാന പ്ലാനിംഗ് ബോർഡ് പിരിച്ചുവിടാനുള്ള സാഹചര്യങ്ങൾ എന്തായിരുന്നു;

(ബി) എന്നാണ് പ്രസ്തുത ബോർഡ് രൂപീകരിച്ചത്;

(സി) ബോർഡിന്റെ പ്രവർത്തനങ്ങൾക്കൊണ്ട് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ബോർഡിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടിയും, ബോർഡു മെമ്പറൻമാരുടെയും സ്റ്റാഫിന്റെയും ശമ്പളത്തിനും മറ്റുമുള്ള ആനുകൂല്യങ്ങൾക്കുവേണ്ടിയും ആകെ ചെലവഴിച്ച സംഖ്യ എത്ര;

(ഇ) ബോർഡു മെമ്പർമാരുടെ കൺട്രാക്ട് കാലാവധിയ്ക്കു മുമ്പായി പിരിച്ചുവിട്ടതുകൊണ്ട് എന്തു സംഖ്യവീതം ഓരോ മെമ്പർക്കും കൊടുക്കേണ്ടിവന്നിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡ് പിരിച്ചുവിടുകയുണ്ടായിട്ടില്ല. പ്ലാനിംഗ് ബോർഡ് അതേരൂപത്തിൽ തുടരേണ്ടതിനെപ്പറ്റിയും ഇനിമേൽ

LIBRARY ARCHIVES Kerala Legislative Assembly